**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4709** **19-03-2025 - ൽ മറുപടിയ്ക്ക്**

**തീരദേശ മേഖലകളിൽ ജപ്പാൻ കുടിവെള്ളം ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കുത്തിയ തോട്, തുറവൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ തീരദേശ മേഖലകളിൽ ജപ്പാൻ കുടിവെള്ളം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഉദ്യോഗസ്ഥരുടെ അലംഭാവം മൂലം നിരന്തരമായി തീരദേശ മേഖലകളിൽ കുടിവെള്ളം ലഭിക്കാതിരിക്കുന്ന വിഷയത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | ചേർത്തല താലൂക്കിൽ കുത്തിയതോട് തുറവൂർ എന്നീ പഞ്ചായത്തുകൾ ഒഴികെ ബാക്കിയെല്ലാ പഞ്ചായത്തുകൾക്കും പ്രത്യേകമായി ഉന്നതതല ജല സംഭരണി ഉണ്ട്. എന്നാൽ കുത്തിയതോടിനും തുറവൂരിനും കൂടി ചേർത്ത് ഒരു ഉന്നതതല ജല സംഭരണി മാത്രമാണ് ഉള്ളത്. അതിനാൽ തന്നെ കുത്തിയതോട് പഞ്ചായത്തിൽ തുടർച്ചയായ ജലവിതരണം സാധ്യമാകുന്നില്ല. തൻമൂലം കുത്തിയതോട് പഞ്ചായത്തിന്റെ വാലറ്റപ്രദേശമായ ഒന്നാം വാർഡിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. നിലവിൽ ലൈൻ വാൽവുകൾ ക്രമീകരിച്ചാണ് ഇവിടുത്തേയ്ക്ക് വെള്ളം എത്തിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ കുറച്ച് ദിവസമായി കുടിവെള്ള ക്ഷാമം രൂക്ഷമായതിനെ തുടർന്ന് ദിവസങ്ങളോളം നടത്തിയ വിശദമായ പരിശോധനയിൽ ഒന്നാം വാർഡിലേയ്ക്കുള്ള റോഡിൽ ഒരു കലിങ്കിനടിയിൽ ഉണ്ടായ ലീക്ക് കണ്ടെത്തുകയും ഉടൻ തന്നെ അത് പരിഹരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ